**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 953** **11-02-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിൽ പരിക്ക് പറ്റിയവരുടെ ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ ഓരോ വർഷവും സംസ്ഥാനത്ത് വന്യജീവി ആക്രമണം മൂലം പരിക്ക് പറ്റിയവരിൽ, എത്ര പേരുടെ ചികിത്സ സർക്കാർ പൂർണമായും ഏറ്റെടുത്തിട്ടുണ്ട് എന്ന് അറിയിക്കാമോ ; ഇത് സംബന്ധിച്ച കണക്ക് വർഷം തിരിച്ച് നൽകാമോ ? | (എ) | 2016 മുതൽ നാളിതുവരെ ഓരോ വർഷവും സംസ്ഥാനത്ത് വന്യജീവി ആക്രമണം മൂലം പരിക്ക് പറ്റിയവരിൽ ആരുടെയും ചികിത്സ സർക്കാർ പൂർണമായും ഏറ്റെടുത്തിട്ടില്ല. വന്യജീവികൾ മൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നത് 1980-ലെ കേരള റൂൾസ്ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് . ഇത് പ്രകാരം സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് രണ്ട് ലക്ഷം രൂപയും പരിക്ക് ഏൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന യഥാർത്ഥ തുക, പരമാവധി ഒരു ലക്ഷം രൂപ വരെയും അനുവദിച്ച് വരുന്നു. എന്നാൽ പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിൽസയ്ക്കായി ചെലവാകുന്ന തുക, സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ സഹിതം അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പരിധിയില്ലാതെ പൂർണ്ണമായും അനുവദിച്ച് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ